**മധുരമായ കുട്ടികളെ , നമ്മുടെ അച്ഛൻ, ടീച്ചർ, സദ്ഗുരു ഈ മൂന്നും കംബൈൻറ് ആണ് എന്ന കാര്യം ഓർമ്മയിലിരിക്കണം, എങ്കിൽത്തന്നെ വളരെയധികം സന്തോഷം ഉണ്ടാകും, ബാബയുടെ ശ്രീമതനുസരിച്ച് നടക്കും.**

**ചോദ്യം** : ബ്രാഹ്മണരുടെ ആദ്യ ലക്ഷണം ഏതാണ്? ഏതു കാര്യത്തിലാണ് ബ്രാഹ്മണർ സമർത്ഥരായിതീരേണ്ടത്?

**ഉത്തരം:** ബ്രാഹ്മണരുടെ ആദ്യ ലക്ഷണം പഠിക്കുക, പഠിപ്പിക്കുക എന്നതാണ്. ആരിലും ജ്ഞാനത്തിന്റെ നിറം ചാർത്തുന്നതിൽ സമർത്ഥരായിരിക്കണം. ആരെങ്കിലും നിങ്ങളെ അപമാനിച്ചാലും, ചീത്ത പറഞ്ഞാലും ശ്രമിച്ചു നോക്കൂ, തീർച്ചയായും അവരിൽ പ്രഭാവം ഉണ്ടാകും. പാത്രം നോക്കി ദാനം ചെയ്യണം. അവിനാശി ധനവും വെറുതെ കളയരുത്. അതുകൊണ്ട് വളരെ സൂക്ഷ്മതയോടെ ഇരിക്കണം. പൈസയും മററുള്ളവർക്ക് സൂക്ഷിച്ചേ കൊടുക്കാവൂ.

**ഗീതം:** ആരാണൊ പ്രിയതമനോടൊപ്പം. ............

ഓം ശാന്തി: ഈശ്വരീയ വിദ്യാർത്ഥികൾ ഗീതം കേട്ടുവല്ലോ. നിങ്ങൾ കുട്ടികൾ ഗോഡ്‌ലി സ്ററുഡൻറ് ആകുന്നു. എല്ലാ സ്കൂളിലുള്ളവരും ഗോഡ്‌ലി സ്ററുഡൻറ് അല്ല. അവിടെ മനുഷ്യരാണ് പഠിപ്പിക്കുന്നത്. സന്യാസിമാർ ശാസ്ത്രം കേൾപ്പിക്കുന്നു. ജ്ഞാനത്തെ വാസ്തവത്തിൽ മഴയെന്നൊന്നും പറയില്ല. മഴയെന്ന് പറയുന്നത് വെള്ളത്തിനേയാണ്. പരമപിതാ പരമാത്മാവിനെ ജ്ഞാനസാഗരൻ എന്നു വിളിക്കുന്നു. പരമാത്മാവിന്ന് ഈ മഹിമയുള്ളതുകൊണ്ടാണ് ജ്ഞാനമഴ പെയ്യിക്കുന്നു എന്നു പറയുന്നത്. എന്നെ ജ്ഞാനസാഗരൻ നോളേജ്ഫുൾ എന്നും പറയുന്നു. അറിവിൻെറ മഴയാണിത്. വെള്ളത്തെ അമൃത് എന്ന് പറയുകയില്ല. മാനസസരോവരം ഒരു തടാകമായിരിക്കുന്നതുപോലെ അമൃതസരസ്സും ഒരു തടാകമാണ്. അതിനേയാണ് അവർ അമൃതെന്ന് മനസ്സിലാക്കി വെച്ചിരിക്കുന്നത്. ബാബയിരുന്ന് ഇത് മനസ്സിലാക്കി തരികയാണ്. പഠിക്കുവാനുള്ള കാര്യത്തെ മഴയെന്നൊ അമൃതെന്നൊ പറയില്ല. ഇത് അമൃതാണ് ഇതു വഴി ദുഖം ദൂരീകരിക്കും എന്നവർ മനസ്സിലാക്കി വെച്ചിരിക്കുന്നു. വാസ്തവത്തിൽ ഈ അറിവ് വഴി നിങ്ങളുടെ 21 ജന്മത്തേക്കുള്ള ദുഖം ദൂരീകരിക്കും. ഇവിടെ ഇത് അച്ഛനാണ്, ടീച്ചറാണ്, സത്ഗുരുവാണ് . മൂന്നും കംബൈൻറ് ആയി ഇരിക്കുന്നു. ഈ ഒരു കാര്യം കുട്ടികൾ ഓർമ്മയിൽ വെക്കുന്നു എങ്കിൽ വളരെയധികം സന്തോഷം വർദ്ധിക്കും. എന്നാൽ മായ അടിക്കടി നിങ്ങളെ മറവിപ്പിക്കും. ഇവിടെ കുട്ടികളാകുന്ന നിങ്ങൾ ശ്രീമത് അനുസരിച്ച് നടക്കുന്നുവല്ലോ. ശ്രീമതനുസരിച്ച് നിങ്ങൾ ശ്രേഷ്ഠരായിതീരുന്നു. ഭഗവാനാകുന്നു ഉയർന്നതിൽ ഉയർന്ന ആ പിതാവ്. ഉയർന്നതിലും ഉയർന്ന ആ പിതാവ് തരുന്ന പഠനം വഴി ഉയർന്നതിലും ഉയർന്നതായിതീരുവാൻ കഴിയുന്നു. നിങ്ങൾ ആ പ്രിയതമൻെറ സന്മുഖത്തിരിക്കുന്നുവല്ലോ. എല്ലാവരും വിദ്യാർത്ഥികളാണ്. ഇവിടെ ഇപ്പോൾ ഇരിക്കുന്നു. പഠിച്ചിട്ട് വീണ്ടും തൻെറ വീട്ടിൽ പോകണം. ദിവസം തോറും സ്ററുഡൻസ് വർദ്ധിച്ചുവരും. എല്ലാവരും ഒരു വീട്ടിലിരിക്കുന്നു എങ്കിൽ എത്രയോ വലിയ വീട് വേണം. അബു മുഴുവനും വീട് കെട്ടിയാൽ പോലും തികയില്ല. എത്രയധികം സെൻററുകളാണുള്ളത്. ഇപ്പോൾ കുറച്ചേ ഉള്ളു ഇനി ആയിരമിരട്ടിയായി വർദ്ധിക്കും. 1000, 2000, 7000, 8000 സെൻററുകളായിതീരും. പിന്നെ ഓരൊ വീട്ടിലും ഈ ജ്ഞാനഗംഗകൾ പോയി വർഷിക്കും. അത്രയും അധികം കുട്ടികളുണ്ടാകും. അവിടേയും ഇവിടേയുമെല്ലാം സെൻററുകൾ തുറക്കും. ചിലർ ഗീതാപാഠശാല എന്ന പേരു വെക്കും. ചിലർ ബ്രഹ്മാകുമാരീസ് ഈശ്വരീയവിദ്യാലയം എന്ന പേര് വെക്കും. ബ്രഹ്മാകുമാരീസ് എന്ന പേര് വെക്കേണ്ട കാര്യത്തിൽ ഭയപ്പെടുകയൊന്നും വേണ്ട. ബ്രഹ്മാകുമാരീസ് എന്ന പേര് വെച്ചാൽ പ്രശ്നമുണ്ടാകുമൊ എന്ന് ചിലർ ഭയപ്പെടുന്നു. അതുകൊണ്ട് ചിലർ ഗീതാപാഠശാല എന്ന പേര് വെക്കുന്നു. ഗീതാപാഠശാല എന്ന പേര് സാധാരണയായി ഉപയോഗിക്കുന്നു. തടസ്സമൊന്നും ഉണ്ടാകാതിരിക്കുന്ന തിനുവേണ്ടി ബ്രഹ്മാകുമാരീസ് എന്ന പേര് മാററി മറെറാരു രൂപത്തിൽ വെക്കുന്നു. വാസ്തവത്തിൽ കാര്യം ഒന്നു തന്നേയാണ്. ഉള്ളിൽ കടന്ന് ചിത്രങ്ങൾ കണ്ടാൽ ഇത് ബ്രഹ്മാകുമാരീസ് തന്നേയാണെന്ന് എളുപ്പം മനസ്സിലാക്കുവാൻ കഴിയും. അതുകൊണ്ട് പേര് മാറേറണ്ട ആവശ്യമൊന്നുമില്ല. ബ്രഹ്മാകുമാരീസ് എന്ന പേരിൽ നിന്ന് ഇത് ബ്രഹ്മാവിൻെറ സന്താനങ്ങൾ ബ്രഹ്മാകുമാർ കുമാരികളാണെന്ന് മനസ്സിലാക്കുവാൻ കഴിയും. ഇത് നല്ലതാണല്ലോ. വാസ്തവത്തിൽ നിങ്ങൾ തന്നേയാണ് ബ്രഹ്മാകുമാരന്മാരും കുമാരികളുമെന്ന് ഏവരോടും പറയുവാൻ കഴിയും. പ്രജാപിതാ ബ്രഹ്മാവിനെ അറിയുന്നുവല്ലോ. അവൻ മനുഷ്യസൃഷ്ടിയുടെ രചയിതാവാകുന്നു. നിരാകാരനായ പരമപിതാ പരമാത്മാവ് ഒരു ആത്മാവിൻേറയും രചയിതാവല്ല. ബാബ ആത്മാക്കളുടെ അനാദി പിതാവാകുന്നു. പ്രജാപിതാ ബ്രഹ്മാവും അനാദി പിതാവാകുന്നു. ആത്മാക്കളുടെ

പിതാവ് ഈ ശരീരത്തിൽ വരുന്നു. ബാബ വന്ന് പ്രജകളെ രചിക്കുന്നതിനുവേണ്ടി ബ്രഹ്മാവിനെ ദത്തെടുക്കുന്നു. ബ്രഹ്മാവ് വഴി ബ്രാഹ്മണകുലത്തെ രചിക്കുന്നു. ഇത് മനസ്സിലാക്കികൊടുക്കുവാൻ വളരെ എളുപ്പമാണ്. എന്നാൽ ചിലർ ഭയപ്പെടുന്നു. ബ്രഹ്മാകുമാരീസിൻെറ അടുത്ത് പോകരുത് ഗീതാപാഠശാലയിൽ പോയ്ക്കൊള്ളു എന്ന് അവർ പറയും. ഓരൊ വീട്ടിലും ജ്ഞാനഗംഗ എന്നതിൻെറ അർത്ഥവും അവർ മനസ്സിലാക്കുന്നില്ല.

ഭക്തിമാർഗ്ഗത്തിൽ നാരദനെ മുഖ്യമായി കണക്കാക്കുന്നു. വീണ വായിക്കുന്ന ഒരു ഭക്തൻ. ചിത്രത്തിൽ കാണിക്കുന്നതുപോലെ അത്തരത്തിൽ ഒരു നാരദനൊന്നുമില്ല. വാസ്തവത്തിൽ നിങ്ങളേവരും കുരങ്ങന്മാരായിരുന്നു. മുഖം മാത്രം മനുഷ്യൻെറ. സ്വഭാവം കുരങ്ങൻെറ. ഏവരും നാരദരാണല്ലോ. ഏവരും ഭക്തരാണല്ലോ? ദൈവീഗുണങ്ങളുള്ള മനുഷ്യരായി തീരാത്തതുവരെ ലക്ഷ്മിയെ വരിക്കുവാൻ കഴിയുകയില്ല എന്നറിയുന്നുവല്ലോ. എല്ലാ സ്ത്രീപുരുഷ ഭക്തരും നാരദന്മാർ തന്നേയാണ്. നിങ്ങളുടെ മുഖം നോക്കൂ. താങ്കൾ കുരങ്ങനെപോലെയിരിക്കുന്നു. കാരണം നിങ്ങളിൽ പഞ്ചവികാരമുണ്ട്. അതുകൊണ്ട് ലക്ഷ്മിയെ വരിക്കുവാൻ കഴിയുകയില്ല. ഇതെല്ലാം ഇവിടത്തെ കാര്യങ്ങളാണ്. എല്ലാവരും ദുശ്ശാസനന്മാരും ദുര്യോധനന്മാരുമാണെന്ന് ബാബ പറയുന്നു. ദ്രൗപദിയുടെ വസ്ത്രം അപഹരിച്ചു കൊണ്ടിരിക്കുന്നു അതുകൊണ്ടാണ് എന്നെ നഗ്നമാക്കുന്നതിൽ നിന്നും രക്ഷിക്കൂ എന്ന് മാതാക്കൾ നിലവിളിച്ചുകൊണ്ടിരിക്കുന്നത്. മാനം രക്ഷിക്കൂ ഗിരിധരാ എന്ന് കന്യകകളും പറയുന്നു. പേരുകൾ വളരെയധികം വെച്ചിട്ടുണ്ട്. മനുഷ്യരുടെ ബുദ്ധിയോഗം കൃഷ്ണൻെറ ഭാഗത്തേക്കാണ് പോകുന്നത്. ദേഹധാരി കൃഷ്ണനെ ഓർക്കുന്നതുമൂലം പാപം നശിക്കില്ല. കേവലം സാക്ഷാത്ക്കാരം ലഭിക്കണമെന്ന് ആഗ്രഹിക്കുന്നു.ശരി, സാക്ഷാത്കാരം ലഭിക്കുന്നു, എന്നാലും മനുഷ്യനിൽ നിന്നും ദേവതയായി തീരുന്നതിനുള്ള അറിവ് ലഭിക്കില്ല. ബ്രാഹ്മണനായി ജ്ഞാനം മനസ്സിലാക്കുമ്പോൾ ദേവതയായിതീരുന്നു. ബ്രാഹ്മണനായിതീരുന്നതോടെ ഭക്തി വിടുന്നു. ആദ്യത്തെ ഒരാഴ്ച ഇക്കാര്യം മനസ്സിലാക്കി കൊടുക്കുന്നതുമൂലം മനുഷ്യൻ ക്ഷേത്രത്തിൽ പൂജിക്കപ്പെടുവാൻപോലും യോഗ്യനായിതീരുന്നു. എന്നാൽ സമയമെടുക്കും. നിങ്ങൾ ബാബയുടെ കൂടെ തന്നേയാണ്– ഇത് ശരി തന്നെ. ബാബയുടെ അടുത്ത് വന്നിട്ട് പിന്നെ തിരിച്ചുപോകുമ്പോൾ മനസ്സിൽ വളരെയധികം ദുഖമുണ്ടാകുന്നു. എല്ലാവർക്കും ഒരുമിച്ച് ഇവിടെ താമസിക്കുവാൻ കഴിയുകയില്ലല്ലോ. എവിടെവിടെ നിന്നെല്ലാമാണ് പലരും ഓടിവരുന്നത്. ഈ ആചാരം ഇവിടെ തന്നേയാണുള്ളത്. സന്യാസിമാരുടേയും മററു മഹാന്മാരുടേയും അടുത്ത് ധാരാളം പേർ വന്ന് ഒരുമിച്ച് താമസിക്കുന്നുണ്ട്. ആരേയും അവിടെ വരേണ്ട എന്നു പറയുന്നില്ല. ഇവിടെ പവിത്രമായിരിക്കേണ്ട ആവശ്യമുണ്ട് അതാണ് തടയുന്നത്. സന്യാസിമാരിൽ പുരുഷന്മാർ മാത്രമാണ് വീട് വിട്ട് പോകുന്നത്. ഇവിടെ എല്ലാവരും മാതാക്കളും കുമാരിമാരുമാണ്. വിവാഹം കഴിച്ചില്ലെങ്കിൽ അസുഖം വരുമെന്ന് മാതാപിതാക്കളും, ഡോക്ടറും എല്ലാം കന്യകമാരോട് പറയാറുണ്ട്. എത്രയോപേർ സന്യാസിമാരായിതീരുന്നു എന്നവർക്ക് മനസ്സിലാക്കികൊടുക്കണം. വളരെ ചെറിയ ചെറിയ ബ്രഹ്മചാരികൾ പോലും അവിടെ താമസിക്കുന്നുണ്ട്. ആ ബ്രഹ്മചാരികൾക്കൊന്നും തന്നെ അസുഖം വരുന്നില്ല. പിന്നെ ഇവിടെ എങ്ങിനെ അസുഖം വരും. വിവാഹം കഴിക്കാതെ എത്രയോ പേർ ജീവിക്കുന്നു. സന്യാസിക്കുമേൽ ആർക്കും കേസെടുക്കുവാൻ കഴിയുകയില്ല. ഒരു സ്ത്രീയും അവരോട് ചിലവിന്ന് ചോദിക്കില്ല. എവിടെ നിന്നാണ് അവർ സ്ത്രീക്ക് ചിലവിന്ന് കൊടുക്കുക? ചുററുപാടുമുള്ളവർ അവരെ സംരക്ഷിക്കുന്നു. ദരിദ്രരാണ് കൂടുതലും ഓടിപ്പോകുന്നത്. ദുഖിതരായിതീരുമ്പോൾ വൈരാഗ്യം വരുന്നു. നിങ്ങളും ദുഖിതരായിരുന്നു. എന്നാൽ ആ വൈരാഗ്യത്തിൻെറ കാര്യമൊന്നും നിങ്ങൾക്കില്ല. നിങ്ങളുടെ ഉള്ളംകൈയ്യിൽ തന്നെ സ്വർഗ്ഗം കാണിക്കുന്നുവല്ലോ? പവിത്രരായിതീരാതെ എങ്ങിനെ വൈകുണ്ഠത്തിൽ പോകുവാൻ കഴിയും. സമർത്ഥരായി തീരുകതന്നെ വേണം. അതുകൊണ്ടാണ് ശിവശക്തിസേന എന്ന പേര് വെച്ചിട്ടുള്ളത്. ശിവബാബയോടൊപ്പം യോഗം ചെയ്യുന്നതുമൂലം ശക്തി ലഭിക്കുന്നു. ജ്ഞാനം ധാരണ ചെയ്തതിനുശേഷം പിന്നെ സമർപ്പണമാകണം. ജ്ഞാനം ധാരണ ചെയ്യുന്നില്ല, നഷ്ടോമോഹ ആയിതീരുന്നില്ല എങ്കിൽ മായ പ്രഹരിക്കും. വിവാഹം കഴിക്കുവാൻ തോന്നുന്നു എങ്കിൽ മുഴുവൻ ബ്രഹ്മാകുമാരിമാരുടേയും പേര് ചീത്തയാകും. നിങ്ങൾ ഇത്രയും പേൽ ഭട്ടിയിലിരുന്നിട്ടും അത്രയും പേർ നഷ്ടോമോഹ ആയിതീർന്നില്ല, മറ്റുള്ളവരുടെ ഓർമ്മ വരുന്നു. ഇവിടെ നിന്നും പോയാൽ മിത്രസംബന്ധികളുടെ മുഖം കണ്ടാൽ ആകർഷണത്തിൽപെട്ട് പോകുന്നു. മോഹത്തിൽ പെടുന്നു. അതുപേലെ തന്നേയായിരിക്കും ഭാവി. അതുകൊണ്ട് കുട്ടികളെ ആദ്യം നഷ്ടാമോഹ ആയിതീരൂ എന്ന് ബാബ പറയുന്നു. ഒരേ ഒരു ഏററവും പ്രിയപ്പെട്ട ബാബയുടേതായിതീരൂ. എന്തു തന്നെ സംഭവിച്ചാലും നാം ആ പ്രിയപ്പെട്ട ബാബയുടേതായിരിക്കും. കയറിയാൽ വൈകുണ്ഠ രസം അനുഭവിക്കാം വീഴുകയാണെങ്കിൽ തവിടുപൊടിയാകും. എല്ലാം വിട്ടിട്ട് വന്നാൽ പിന്നെ അതിനോടുള്ള മോഹം അരുത്. സന്യാസിയായിതീർന്ന് തിരിച്ചുപോകുന്ന വളരെയധികം പേരുണ്ട്. സന്യാസി തിരിച്ചുവന്നാൽ ചുററുമുള്ളവർ അവരെ അനാദരിക്കും. അങ്ങിനെ തിരിച്ചുപോയാൽ പൂർണ്ണമായും നഷ്ടോമോഹ

ആയിട്ടില്ലെന്നും, കാമത്തിനുവേണ്ടി ഓടിപ്പോന്നു എന്നും മനസ്സിലാക്കും. ബാബയുടെ അടുത്ത് ഭക്ഷണത്തിനൊന്നും പ്രയാസമനുഭവപ്പെട്ടില്ല. തുടക്കം മുതൽ തന്നെ എത്രയോ സംരക്ഷണം തരുന്നു. ദരിദ്രരും സമ്പന്നരും ഇവിടെ ഒരുപോലെയാണ്. മമ്മയും, ബാബയും എല്ലാവർക്കും മനസ്സിലാക്കികൊടുക്കുന്നതിനുവേണ്ടി പാത്രം കഴുകിയിരുന്നു. അടിച്ചു വാരിയിരുന്നു. ദേഹാഭിമാനം വിടുന്നതിനുവേണ്ടിയാണ് ഇതെല്ലാം ചെയ്യിപ്പിച്ചിരുന്നത്. സന്യാസിമാരും അങ്ങിനെ ചെയ്യിപ്പിച്ചിരുന്നു. വലിയ ആളുകളാണെങ്കിൽ അവരെകൊണ്ട് മരം വെട്ടിക്കും. ഇവിടെ വലിയ സമ്പത്താണ് ലഭിക്കുന്നത്. ഒരു സെക്കൻറുകൊണ്ട് 21 ജന്മത്തെ ചക്രവർത്തിപദവി ലഭിക്കുന്നു. സന്യാസിമാരുടെ അടുത്ത് ഒരു പ്രാപ്തിയുമില്ല. പവിത്രമായിരിക്കുന്നതുകൊണ്ട് അപവിത്രർ അവരുടെ മുന്നിൽ തല കുനിക്കുന്നു എന്നു മാത്രം. ഇത് രാജയോഗമാണ്. ഇത് വഴി വിശ്വത്തിൻെറ അധികാരിയായിതീരുവാൻ കഴിയുന്നു. വികാരത്തിൽ പോകരുത്. മീരയും പവിത്രമായിരിക്കുവാൻ ആഗ്രഹിച്ചിരുന്നുവല്ലോ? അത് ഭക്തിമാർഗ്ഗത്തിലായിരുന്നു. കൃഷ്ണൻെറ സാക്ഷാത്ക്കാരവും അവർക്ക് ലഭിച്ചിരുന്നു. കൃഷ്ണനെ അവർ വളരെയധികം ഇഷ്ടപ്പെട്ടിരുന്നു. അത് ഒരു ജന്മം മാത്രം. ഇത് ചെയ്ത് അടുത്ത ജന്മം അവർ ഭക്തിമാർഗ്ഗത്തിൽ തന്നെ പോയി. അന്ത് മതി സൊ ഗതി . ആയതുകൊണ്ട് അവർ ഭക്തിമാർഗ്ഗത്തിൽ തന്നെ പോകും. കൃഷ്ണനോടുള്ള ഭക്തിമൂലം അവർ ഭക്ത തന്നെ ആയിതീരും. എന്നാൽ ഭക്തിമാർഗ്ഗത്തിൽ നിന്ന് ഒന്നും തന്നെ ലഭിക്കുന്നില്ല. ജ്ഞാനമാർഗ്ഗത്തിൽ 21 ജന്മത്തെ സമ്പത്ത് ലഭിക്കുന്നു. ആദ്യം ശിവൻെറ ഭക്തിയാണ് ചെയ്യുന്നത് പിന്നെ ദേവതകളുടെ ഭക്തിയും ചെയ്യുന്നു. ഇപ്പോൾ എലികളുടേയും, പൂച്ചകളുടേയും എല്ലാം ഭക്തി ചെയ്യുവാൻ തുടങ്ങിയിരിക്കുന്നു. കൃഷ്ണനെ വിട്ട് ഹനുമാൻേറയും, ഗണേശൻേറയും എല്ലാം ഭക്തി ചെയ്യുവാൻ തുടങ്ങിയിരിക്കുന്നു. സത്യ-ത്രേതായിലും കലകൾ കുറഞ്ഞുവരുന്നു. ഭക്തിമാർഗ്ഗത്തിലും കലകൾ കുറഞ്ഞുവരുന്നു. ഇപ്പോൾ ഒരു കലയുമില്ല. അത്തരം അവസ്ഥയിലാണ് ബാബ വന്ന് മനസ്സിലാക്കിതരുന്നത്. പകുതി കല്പം ഉയർന്നുതന്നെ ഇരിക്കുന്നു. പകുതി കല്പത്തിനുശേഷം താഴുവാൻ തുടങ്ങുന്നു. വീണ്ടും അധപതിക്കുകയാണെങ്കിൽ ജ്ഞാനമെടുത്തിട്ടെന്തു കാര്യം എന്ന് മനുഷ്യർ ചിന്തിക്കുന്നു. ഈശ്വരീയ ജ്ഞാനമില്ലെങ്കിൽ മനുഷ്യനെ ഒന്നിനും കൊളളുകയില്ല. തീർച്ചയായും ജ്ഞാനം വേണം. ശരീരനിർവ്വാഹാർത്ഥം പഠിക്കുന്നു. ശരീരനിർവ്വാഹാർത്ഥം കന്യകകൾക്കും പഠിക്കേണ്ടിയിരിക്കുന്നുവല്ലോ. മുൻപ് ഈ നിയമം ഉണ്ടായിരുന്നില്ല. കന്യകകൾ വീട് സംരക്ഷിച്ചിരുന്നു. കുട്ടികൾ ജോലിക്കുവേണ്ടി പഠിച്ചിരുന്നു.ഇപ്പോൾ പരിധിയില്ലാത്ത അച്ഛൻ കുട്ടികളാകുന്ന നിങ്ങളെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. എല്ലാവരും ഇവിടെ ഇരുന്നാൽ മിത്രസംബന്ധികൾക്ക് ആര് ജ്ഞാനം കൊടുക്കും. പോകേണ്ടിയിരിക്കുന്നുവല്ലോ? പഠിക്കണം. പഠിപ്പിക്കണം. ചിലർ പഠിക്കുന്നതേയില്ല പഠിക്കുന്നില്ല എങ്കിൽ ഇവർ നമ്മുടെ ബ്രാഹ്മണകുലത്തിലേതല്ല എന്നു മനസ്സിലാക്കണം. ആരെങ്കിലും നിങ്ങളെ ചീത്ത പറഞ്ഞാലും അപമാനിച്ചാലും നിങ്ങൾ പ്രയത്നിച്ചുകൊണ്ടിരിക്കൂ, തീർച്ചയായും ആരിലെങ്കിലും അതിൻെറ പ്രഭാവം ഉണ്ടാകും. തേളുകൾ പോകുമ്പോൾ അത് മൃദുവായ വസ്തുക്കളെ കടിക്കുന്നു. എന്താണതെന്ന് നോക്കുന്നതിനുവേണ്ടിയാണത്. ഇവിടേയും കുട്ടികൾ വളരെ സമർത്ഥരായിരിക്കണം. ഈ അവിനാശി ധനം വ്യർത്ഥമായിതീരത്തക്ക വിധത്തിൽ ആർക്കും കൊടുക്കരുത്. പാത്രം നോക്കി ദാനം ചെയ്യണം. ദാനം ചെയ്തിട്ട് അതുകൊണ്ട് ആരെങ്കിലും വികർമ്മം ചെയ്യുന്നുവെങ്കിൽ അതിൻെറ പാപം ദാനം ചെയ്യുന്നവനിൽ തന്നെ വന്നുചേരും. ഇവിടെ വളരെ സൂക്ഷിച്ചിരിക്കണം. പൈസ വളരെ സൂക്ഷിച്ച് ചോദിച്ച് വേണം ദാനം ചെയ്യുവാൻ. ഇവിടെ ഈ ഉണ്ടാക്കികൊണ്ടിരിക്കുന്നതെല്ലാം എളുപ്പം തന്നെ ഛിന്നഭിന്നമാകും. ഈ കെട്ടിടങ്ങൾ പോലും കുട്ടികൾക്ക് താമസിക്കുന്നതിനുവേണ്ടി മാത്രം ഉണ്ടാക്കിയിട്ടുളളതാണ്. ഇതെല്ലാം നശിച്ചുപോകുവാനുളളതാണെന്ന് അറിയുന്നുവല്ലോ. ഭൂമികുലുക്കം ഉണ്ടായാൽ ക്ഷേത്രങ്ങളടക്കം എല്ലാം നശിക്കും. അമേരിക്കയൊ റഷ്യയൊ ഒന്നും നമ്മുടെ സാമ്രാജ്യത്തിലുണ്ടാകില്ല. ഭാരതഖണ്ഡം മാത്രമെ നമ്മുടെ സാമ്രാജ്യത്തിലുണ്ടാകൂ. ബാക്കിയെല്ലാം തന്നെ ഘോരാന്ധകാരത്തിലായിരിക്കും. ബാബയുടെ എത്രയോ വലിയ സ്കൂളാണിത്. ടീച്ചേഴ്സും ഇവിടെ നമ്പറനുസരിച്ചാണ്. എല്ലാവരും ഒരുപോലെ ആയിരിക്കില്ല. ഇതിൽ ഏററവും വലിയ ടീച്ചർ ശിവബാബ തന്നേയാണ്. പിന്നേയാണ് ഈ ബ്രഹ്മപുത്രാനദികൾ. ത്വമേവ.. മാതാശ്ച........... എന്നു പാടുന്നുവല്ലോ. മാതാവാണല്ലോ ഇവിടെ ഇരിക്കുന്നത്.പിന്നെ സരസ്വതിയുടെ പേരാണുളളത്. ബ്രഹ്മാവിൻെറ അനന്തരാവകാശികളുടെ സ്ഥാനത്ത് ബ്രഹ്മപുത്രാ എന്ന പേര് ശരിയായിട്ടുളളതാണ്. സാഗരവും ബ്രഹ്മപുത്രാനദിയും കൂടിച്ചേരുന്നതായി പാടുന്നുവല്ലോ. ആത്മാവിൻേറയും, പരമാത്മാവിൻേറയും മിലനമാണിവിടെ നടക്കുന്നത്. ഇതിൻെറ സ്മരണക്കായി ഭക്തിമാർഗ്ഗത്തിൽ ഇതിനെക്കുറിച്ച് പാടപ്പെടുന്നു. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ

കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം –**

1. അതിസ്നേഹിയായ ബാബയുടേതായിതീരുന്നതിനു മുൻപ് നഷ്ടോമോഹ ആയിതീരണം. അവസ്ഥ പക്വമാകുമ്പോൾ സേവനത്തിൽ മുഴുകണം.

2. ഈ ലോകത്തിനോട് മനസാ വൈരാഗ്യം വെച്ച് പവിത്രമായിരിക്കുന്നതിൽ സമർത്ഥരായിരിക്കണം. ദാനം വളരെ സൂക്ഷിച്ച് പാത്രം നോക്കി ചെയ്യണം.

## വരദാനം–: പരിതസ്ഥിതികളെ സൈഡ് സീനുകളാണെന്ന് മനസ്സിലാക്കി മറികടന്ന് മുന്നോട്ടുപോകുന്നവരായ മാസ്റ്റർ സർവ്വശക്തിവാനായി ഭവിക്കു.

സദാ സ്വയം മാസ്റ്റർ സർവ്വശക്തിവാനാണ് എന്ന സ്മൃതിയിലിരിക്കുമ്പോൾ ഇങ്ങനെ അനുഭവം ഉണ്ടാകും പരിതസ്ഥിതികളെല്ലാം ഒരു വഴിയോരക്കാഴ്ചകളായി തോന്നും. പരിതസ്ഥിതി ആണെന്ന് മനസ്സിലാക്കുന്നതിലൂടെ പരിഭ്രാന്തിയാണ് ഉണ്ടാവുക എന്നാൽ സൈഡ് സീൻ ആണെന്ന് മനസ്സിലാക്കുമ്പോൾ സഹജമായി തന്നെ അതിനെ മറികടക്കാൻ കഴിയും. എന്തുകൊണ്ടെന്നാൽ ദൃശ്യങ്ങൾ കാണുമ്പോൾ സന്തോഷമാണ് ഉണ്ടാവുക. പരിഭ്രാന്തിയല്ല വിഘ്നങ്ങൾ വിഘ്നങ്ങളായി തോന്നില്ല എന്നാൽ മുന്നോട്ട് പോകാനുള്ള സാധനയാണ്. പരീക്ഷകൾ അടുത്ത ക്ലാസിലേക്ക് പോകാനുള്ള ഉപാധിയല്ലേ അതുകൊണ്ട് ഒരിക്കലും ഏത് കാര്യത്തിലും നിന്നു പോകരുത് സദാ മാസ്റ്റർ സർവ്വശക്തിവാനാണ് എന്ന സ്മൃതിയിലൂടെ പറക്കുന്ന കലയുടെ അനുഭവം ചെയ്തുകൊണ്ടിരിക്കു.

## സ്ലോഗൻ –: സഹജയോഗിയായി മാറുമ്പോൾ ആര് താങ്കളെ കാണുമ്പോഴും അവരും യോഗികളാകും.